പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5822 — 30 .07. 2015 ൽ മറുപടിക്ക്

## ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, കെ.അച്ചുതൻ<br>,, പി.എ.മാധവൻ<br>,, വി.ഡി.സതീശൻ | ശ്രീ ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത് ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ എല്ലാ മേഖലകളിലും ഊർജ്ജ ലാഭം നേടുവാൻ സാധിച്ചിട്ടുണ്ട്. |

| ഇനം | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| വൈദ്യുതി | 5841.871 യൂണിറ്റ് | 155 മില്യൻ യൂണിറ്റ് | 177 മില്യൻ യൂണിറ്റ് | 291.25 മില്യൻ യൂണിറ്റ് |

മികച്ച ഊർജ്ജസംരക്ഷണ പ്രവർത്തനം കാഴ്ചവെച്ചതിന് ഇ.എം.സിയ്ക്ക് താഴെപ്പറയുന്ന അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

1) ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് 2012 -2nd ബെസ്റ്റ് പെർഫോമിങ്ങ് SDA (സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി)

2) ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് 2013 -2nd ബെസ്റ്റ് പെർഫോമിങ്ങ് SDA

3) എനർജി എഫിഷ്യൻസി, കൺസർവേഷൻ ഡിമാന്റ് സൈഡ് മാനേജ്മെന്റ് വിഭാഗത്തിൽ ഇന്ത്യ പവ്വർ അവാർഡ് 2014,

4) ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് 2014 - ഒന്നാം സ്ഥാനം.

| | | | |
|---|---|---|---|
| (ബി) | ഇതിനായി എന്തെല്ലാം പരിപാടികൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ ? | (ബി) | ഇ.എം.സി മുഖാന്തിരം താഴെപ്പറയുന്ന ഊർജ്ജസംരക്ഷണ പദ്ധതികൾ നടപ്പാക്കി. ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, ഹൈറൈസ് ബിൽഡിംഗുകൾക്ക് ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കുകയും ഓഡിറ്റ് പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിന് 30 എനർജി ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള |

| | | | |
|---|---|---|---|
| | | | [illegible]<br>സ്ഥാപനങ്ങളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായങ്ങൾ ഉൾപ്പെടെ 117 സ്ഥപനങ്ങൾ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ പരിശോധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് ഇവാലേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഊർജ്ജ ഓഡിറ്റ് നടപ്പിലാക്കുന്നതിന് പരമാവധി 50000 രൂപ സബ്സിഡി നൽകുന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്.<br>ചെറുകിട-ഇടത്തരം വ്യവസായങ്ങളിലെ സ്റ്റീൽ റീ റോളിംഗ്, റൈസ് മിൽ, ക്രമ്പ് റബ്ബർ, പ്ലൈവുഡ്, കയർ എന്നീ സെക്ടറുകളിലെ 21 വ്യവസായ യൂണിറ്റുകളിൽ ഊർജ്ജകാര്യക്ഷമതാ പഠനങ്ങൾ നടത്തി.<br>തെരുവു വിളക്കുകൾ ഊർജ്ജ ഉപഭോഗം കുറച്ച് കാര്യക്ഷമമാക്കുന്നതിന് വേണ്ടി മാതൃകാ പദ്ധതിയായി കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 100 വീതം എൽ.ഇ.ഡി തെരുവു വിളക്കുകൾ സൂര്യോദയ-അസ്തമയ സമയക്രമമനുസരിച്ച് ഓൺ/ഓഫ് സംവിധാനത്തോടെ സ്ഥാപിച്ചു<br>സർക്കാർ കെട്ടിടങ്ങളിൽ ഇൻവെസ്റ്റ് മെന്റ് ഗ്രേഡ് എനർജി ഓഡിറ്റ് നടത്തിയ റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയേറ്റ്, എറണാകുളം തൃശ്ശൂർ, കോഴിക്കോട് കലക്ടറേറ്റുകൾ, ഹൈക്കോടതി ബിൽഡിംഗ്, വികാസ് ഭവൻ എന്നിവിടങ്ങളിൽ പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിംഗുമായി ചേർന്ന് ഊർജ്ജകാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി, കാര്യക്ഷമത കൂടിയവ സ്ഥാപിച്ചു. സൗരോർജ്ജ പാനൽ, ഊർജ്ജകാര്യക്ഷമ ലൈറ്റുകൾ എന്നിവ സ്ഥാപിച്ചതിലൂടെ 8 ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 6 കളക്ടറേറ്റുകളിൽ ഓഡിറ്റ് നടത്തുന്നതിന് നടപടി പൂർത്തിയായിട്ടുണ്ട്.<br>സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള 4 വ്യവസായശാലകളിൽ ഊർജ്ജ ഓഡിറ്റ് നടത്തി.<br>കേരളത്തിലെ പൊതുജന വായനശാലകൾ/ ഗ്രന്ഥശാലകൾ എന്നിവയിലൂടെ ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടികൾ നടത്തുന്നതിന്റെ ഭാഗമായി ജില്ലാ ലൈബ്രറി കൗൺസിലുമായി ചേർന്ന് ലൈബ്രറി |

| | | | |
|---|---|---|---|
| | | | ഭാരവാഹികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.<br>ഊർജ്ജ സംരക്ഷണ വിവരവിജ്ഞാന വ്യാപനത്തിനായി ടോൾ ഫ്രീ നമ്പരോടുകൂടി എനർജി ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചു ഇതിന്റെ ഭാഗമായി ഊർജ്ജസംരക്ഷണം, ഊർജ്ജസംരക്ഷണ നിയമം എന്നിവയെപ്പറ്റി അറിവ് നൽകുന്നതിനാവശ്യമായ ലഘുലേഖകൾ, കൈപ്പുസ്തകങ്ങൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്തു വരുന്നു.<br><br>പറവൂർ നിയോജക മണ്ഡലം സമ്പൂർണ്ണ ഊർജ്ജകാര്യക്ഷമ നിയോജക മണ്ഡലം ആക്കുന്നതിന്റെ ഭാഗമായി വിവിധ സംഘടനകളുമായി ചേർന്ന് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സർവ്വേകളും നടത്തി വരുന്നു.<br>ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്ത് മാതൃകാ ഊർജ്ജകാര്യക്ഷമതാ പഞ്ചായത്താക്കുന്നതിനുവേണ്ടി സംസ്ഥാന ആസൂത്രണ ബോർഡുമായി ചേർന്ന് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.<br>ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ/ വ്യവസായങ്ങൾ/ ഗവേഷകർ എന്നിവരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്..<br>കൂടാതെ നവംബർ 15 മുതൽ ഡിസംബർ 14 വരെ വിപുലമായ പരിപാടികളോടെ ഊർജ്ജ സംരക്ഷണ മാസമായി ആചരിച്ചുവരുന്നു.<br>വീട്ടമ്മമാർക്ക് ഊർജ്ജസംരക്ഷണ കാര്യങ്ങളിൽ അറിവു പകരുന്നതിനായി എനർജി ക്ലിനിക്ക് വോളണ്ടിയർമാർ വീടുകൾതോറും ഊർജ്ജസംരക്ഷണ ക്ലാസ്സുകൾ നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു. AIWC, ഗാന്ധി സ്മാരക നിധി, കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നിവയുമായി ചേർന്ന് വോളണ്ടിയർമാർക്ക് പരിശീലനം നൽകി വരുന്നു.<br>വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തുന്നതിന് ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ എനർജി കോൺഗ്രസ്സ് 2015 എന്ന പേരിൽ രണ്ടു ദിവസം ഊർജ്ജസംരക്ഷണ സെമിനാറും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുള്ള മത്സരങ്ങളും നടത്തി. |

| | | | |
|---|---|---|---|
| | | | പൊതുമേഖലാ സ്ഥാപനങ്ങളിലെ വർക്കേഴ്സ്, എഞ്ചിനീയർമാർ, എനർജി മാനേജർമാർ, എനർജി ഓഡിറ്റർമാർ, ലൈസൻസ്ഡ് ഇലക്ട്രിക്കൽ വയർമാൻമാർ, സൂപ്പർവൈസർമാർ എന്നിവർക്കായി പ്രത്യേക ഊർജ്ജ സംരക്ഷണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർ/ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവർക്കായി 'കില'യുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.<br>പൊതുജന ബോധവൽക്കരണത്തിനായി റസിഡന്റ്സ് അസ്സോസിയേഷനുകൾ/ സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ/മറ്റു സംഘങ്ങൾ എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ/പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിച്ചു.<br>തിരുവനന്തപുരം ആകാശവാണിയുടെ 'ഹലോ ആകാശവാണി' എന്ന പരിപാടിയിലൂടെ 12 ആഴ്ച പൊതുജനങ്ങളുടെ ഊർജ്ജസംരക്ഷണ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകി.<br>വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോടുള്ള മിൽമയുടെ പാൽ ശീതീകരണ പ്ലാന്റിൽ ഊർജ്ജകാര്യക്ഷമത കൂടിയ "Chilled Water Pumping System' ഇ.എം.സി യുടെ ധനസഹായത്തോടെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>2015-16 വർഷത്തേക്ക് വീടുകളിലെ ഊർജ്ജോപയോഗം ഓഡിറ്റ് നടത്തുന്നതിന് സർട്ടിഫൈഡ് ഹോം എനർജി ഓഡിറ്റർ പരിപാടി, കുട്ടികൾക്കായി ഊർജ്ജ വിജ്ഞാന പരീക്ഷ, ഊർജ്ജസംരക്ഷണ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സാമ്പത്തിക സഹായം എന്നിവയും ലക്ഷ്യമിടുന്നു.<br>കെ.എസ്. ഇ. ബി നടപ്പിലാക്കിയ ഊർജ്ജസംരക്ഷണ പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു.<br>വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് നടപ്പിലാക്കി വരുന്നു. മലയാള മനോരമയുമായി സഹകരിച്ച്, ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന സന്ദേശങ്ങൾ ഉൾപ്പെടുത്തി ഊർജ്ജ സംരക്ഷണ നുറുങ്ങുകൾ, മീറ്റർ റീഡിംഗ് എടുക്കേണ്ടതെങ്ങനെ തുടങ്ങിയ |

| | | | |
|---|---|---|---|
| | | | കാര്യങ്ങൾ ഉൾക്കൊള്ളിച്ച 'ഊർജ്ജച്ചെപ്പ്' എന്ന കൈപ്പുസ്തകത്തിന്റെ 22 ലക്ഷം കോപ്പികൾ ദിനപ്പത്രത്തോടൊപ്പം വിതരണം ചെയ്തു. കേരളത്തിലുടനീളമുള്ള തിരഞ്ഞെടുക്കപ്പെട്ട തീയേറ്ററുകളിലും ദൃശ്യമാധ്യമങ്ങളിലും ആകാശവാണിയിലും എഫ്.എം ചാനലുകളിലും സോഷ്യൽ മീഡിയ (face book) യിലും പ്രമുഖ സിനിമാ താരങ്ങളെ ഉൾപ്പെടുത്തി ഊർജ്ജ സംരക്ഷണ പരസ്യങ്ങൾ പ്രക്ഷേപണം ചെയ്ത് ഊർജ്ജ സംരക്ഷണത്തിന് വേണ്ടത്ര പ്രചാരം നൽകി. വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന തരത്തിലുള്ള പ്രദർശനവസ്തുക്കൾ ഒരുക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ ബോർഡ് പത്രങ്ങളിൽക്കൂടി നൽകുന്ന എല്ലാ ടെണ്ടർ പരസ്യങ്ങൾക്കും മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾക്കും താഴെ വൈദ്യുതി സംരക്ഷണ സന്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്.<br>ഇതിനുപുറമെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി 2013 മാർച്ച് 23-ന് തുടക്കം കുറിച്ച ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടി 2014-ലും നടപ്പിലാക്കി.<br>കേരള സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ സാദ്ധ്യതകൾ കണ്ടെത്തുന്നതിനും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി. രൂപീകരിച്ച 'എനർജി സേവിംഗ് കോ-ഓഡിനേഷൻ ടീം' (എസ്കോട്ട്) ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുന്നതിനു വേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ, ലഘു ലേഖകൾ തയ്യാറാക്കി വിതരണം ചെയ്യൽ, മാധ്യമങ്ങളിൽ കൂടിയുള്ള ബോധവൽക്കരണ പരിപാടികൾ, പ്രദർശനങ്ങൾ മുതലായവ നടത്തി വരുന്നു.<br>വിവിധ മേഖലയിലുള്ള ഉപഭോക്താക്കളുടെ ആവശ്യാനുസരണം എനർജി ഓഡിറ്റിംഗ് നടത്തി ഊർജ്ജ സംരക്ഷണ സാദ്ധ്യതകൾ നിർദ്ദേശിക്കുന്നു.<br>കൂടാതെ ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ലൈറ്റുകൾ മറ്റു ഉപകരണങ്ങൾ എന്നിവ പ്രചരിപ്പിക്കുക, ഐസ് പ്ലാന്റുകളിൽ ഊർജ്ജ സംരക്ഷണത്തിനുള്ള സാങ്കേതിക സഹായങ്ങൾ നൽകുക, പുഞ്ച-കോൾ നെൽപാടങ്ങളിലെ പെട്ടി-പറ സംവിധാനം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പുകൾ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുക, വിതരണ ലൈനുകളിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനു വേണ്ടിയുള്ള ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം, അൽകോ വാഷറുകളുടെ പ്രചരണം, കുടിവെള്ള പദ്ധതികളിലെ ഊർജ്ജസംരക്ഷണ പഠനം, ആശുപത്രികളിൽ എനർജി ഓഡിറ്റിംഗ് നടത്തി ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ സ്ഥാപിക്കുക തുടങ്ങിയ പദ്ധതികളും എനേർട്ട് നടത്തി വരുന്നു.<br>കേരളത്തിലെ എല്ലാ പ്രദേശത്തും ഊർജ്ജ സംരക്ഷണ പ്രചരണങ്ങൾ നടത്തുന്നതിനു വേണ്ടി കെ.എസ്.ഇ.ബി.ലി 'ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകൾ' രൂപീകരിച്ച് പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ